# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 365 | 07-01-2014-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) | |
| (എ) | വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഇതു വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയെന്ന് വിശദമാക്കുമോ ; | (എ) | 2013 സെപ്റ്റംബർ 30 വരെയുള്ള ത്രൈമാസ കടിശ്ശികയുടെ കണക്കനുസരിച്ച് 1405.83 കോടി രൂപ വൈദ്യുതി ചാർജ്ജിനത്തിൽ കടിശ്ശികയായിട്ടുണ്ട് |
| (ബി) | ഗാർഹിക ഉപഭോക്താക്കൾ, വ്യവസായിക ഉപഭോക്താക്കൾ വാണിജ്യ ഉപഭോക്താക്കൾ എന്നിങ്ങനെ ഇനം തിരിച്ച് കുടിശ്ശിക എത്രയെന്ന് അറിയിക്കുമോ; | (ബി) | ഇനം തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആകെ ലഭിക്കേണ്ട കുടിശ്ശികയും പിരിച്ചെടുത്ത കുടിശ്ശികയും എത്ര വീതമാണെന്ന് വിശദമാക്കുമോ ? | സി) | 31.03.2011 ലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ 1191.01 കോടി രൂപയും 30.09.2013 ലെ കണക്ക് പ്രകാരം 1405.83 കോടി രൂപയും കടിശ്ശികയായിട്ടുണ്ട്. ഇപ്പോൾ പ്രതിമാസ ബില്ലിംഗ് സമ്പ്രദായവും, ദ്വൈമാസ ബില്ലിംഗ് സമ്പ്രദായവുമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കാൻ നടപ്പിലാക്കി വരുന്നത്. പിഴ കൂടാതെ ബിൽ തുക അടയ്ക്കുന്നതിന് 7 ദിവസവും, പിഴയോടു കൂടി ബിൽ തുക അടയ്ക്കുന്നതിന് 15 ദിവസവും അനുവദിച്ചിട്ടുള്ളതാകുന്നു. അതുവരെ അടയ്ക്കാതിരിക്കുന്ന ബിൽ തുക കടിശ്ശികയായിട്ടാണ് കണക്കാക്കുന്നത്. അത്തരത്തിലുള്ള കടിശ്ശികകൾ തുടർന്നു വരുന്ന ദിവസങ്ങളിലോ, |

മാസങ്ങളിലോ പിഴയോടു കൂടി സ്വീകരിക്കും. എന്നാൽ കേരള വാട്ടർ അതോറിറ്റി മുതലായ ഗവൺമെന്റ് സ്ഥാപനങ്ങൾ കടിശ്ശിക വരുത്തുകയും അതുമൂലം കടിശ്ശിക തുക ഉയരുകയും ചെയ്യുന്നു. അങ്ങനെ 30.09.2013 ലെ കണക്ക് പ്രകാരം കടിശ്ശിക തുക 1405.83 കോടി രൂപയായി വർദ്ധിച്ചു.

സെക്ഷൻ ഓഫീസർ